നം. DDDKER/4164/2022-ES2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി : 03-09-2024

## സർക്കുലർ നം.45/2024

വിഷയം:- ക്ഷീര വികസന വകുപ്പ് – ജീവനക്കാര്യം- 2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- 1) സർക്കുലർ നം ഉപ.സി.1/91/2023- ഉഭപവ , തീയതി:24-08-2024

2) സർക്കുലർ നം ഉപ.സി.1/91/2023- ഉഭപവ , തീയതി:29-12-2023

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **2024 സെപ്റ്റംബർ 05 മുതൽ 14 വരെ, 10 ദിവസത്തെ** സമയം കൂടി മേൽ സൂചന(2) പ്രകാരം അനുവദിച്ചു നൽകിയിരിക്കുന്നു.

വകുപ്പിലെ പല ഉദ്യോഗസ്ഥരും വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്ത് വിവര പത്രിക ഓരോ വർഷവും ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. **വാർഷീക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുമെന്നും, അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും മേൽ സൂചന(2) പ്രകാരം നിർദേശം ലഭിച്ചിട്ടുണ്ട്.**

പ്രസ്തുത സാഹചര്യത്തിൽ 2023 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർ അടിയന്തിരമായി ആയത് ഫയൽ ചെയ്യുവാൻ നിർദ്ദേശിക്കുന്നു. സമയബന്ധിതമായി വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് എന്നതും അറിയിക്കുന്നു.

ഡയറക്ടർ
Signed by
Asif K Yusuf
Date: 03-09-2024 12:24:34

പകർപ്പ്:-
1) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
4) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം
5) എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
6) ഈ ഓഫീസിലെ എല്ലാ ജീവനക്കാർക്കും
7) ഡി.എഫ്.ഐ, IT (വെബ്സൈറ്റിൽ നൽകുന്നതിനായി)
8) നോട്ടീസ് ബോർഡ്

ഉള്ളടക്കം: സൂചന (1), (2)